**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7938 — 16.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ വകുപ്പിലെ ജോലിഭാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ നിലവിൽ അനുഭവപ്പെടുന്ന ജോലിഭാരത്തെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതെന്നാണെന്ന് പറയാമോ; അതിനുശേഷം സ്റ്റാഫ് പാറ്റേൺ എപ്പോഴെങ്കിലും പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 25.5.1981-ലെ ജി.ഒ(എം.എസ്) നം.191/81/എ.ഡി നമ്പർ ഉത്തരവ് പ്രകാരമാണ് സഹകരണ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത്. ആയതിനുശേഷം നാളിതുവരെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചിട്ടില്ല. |
| (സി) | ഈ കാലയളവിൽ സഹകരണ സംഘങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും എത്രമാത്രം വളർച്ചയും വർദ്ധനവും വന്നിട്ടുണ്ടെന്നും അത് എത്ര ശതമാനമാണെന്നും വിശദമാക്കാമോ; | (സി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലും എണ്ണത്തിലും വളർച്ചയും, വർദ്ധനവുമുണ്ടായിട്ടുണ്ട്. എന്നാൽ ആയത് എത്ര ശതമാനം എന്നത് കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സഹകരണ വകുപ്പിൽ ഓഡിറ്റർമാർക്ക് നിശ്ചയിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; മുമ്പ് നിശ്ചയിച്ച 3 റിപ്പോർട്ട് എന്നതിന്റെ സ്ഥാനത്ത് ഇപ്പോൾ മാസത്തിൽ 7 റിപ്പോർട്ട് എന്ന നിലയിൽ വകുപ്പ് മേധാവികൾ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (ഡി) | യൂണിറ്റ് ആഡിറ്റർമാർ പ്രതിമാസം 3 ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 3 റിപ്പോർട്ടുകളുടെ സ്ഥാനത്ത് മാസത്തിൽ 7 റിപ്പോർട്ടുകൾ നൽകുന്നതിന് വകുപ്പ് മേധാവികൾ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 97-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള നിയമസഭ പാസാക്കിയ കേരള സഹകരണ ഭേദഗതി നിയമപ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ആഡിറ്റർമാർ കൂടുതൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കേണ്ട സാഹചര്യം നിലവിലുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥിതി ജീവനക്കാർക്ക് അധികജോലി ഭാരമായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ